"ഭരണഭാഷ–മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് – തിരുവനന്തപുരം ജില്ലാ ഇൻഷ്വറൻസ് ഓഫീസിലെ ക്ലാർക്ക് ശ്രീമതി.ചിന്നു ആർ.എസ്–ന് പ്രത്യേക അവശതാവധി അനുവദിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്–ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 2596/2026/ധന** **തീയതി, തിരുവനന്തപുരം, 11/03/2026**

പരാമർശം :– 1. സ.ഉ (പി) നം. 112/2017/ധന തീയതി 24/08/2017.
2. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 14/01/2026, 24/02/2026 തീയതികളിലെ കെ.എസ്.ഐ.ഡി /29/2025–എച്ച്.ക്യൂ ഇ 4 നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ ഇൻഷ്വറൻസ് ഓഫീസിലെ ക്ലാർക്ക് ശ്രീമതി.ചിന്നു ആർ.എസ്–ന് അപകടത്തെ തുടർന്ന് സേവനത്തിൽ നിന്നും വിട്ടുനിന്ന 29/11/2025 മുതൽ 27/01/2026 വരെ കാലയളവിലേക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ചിന്നു.ആർ.എസ് ഓഫീസിൽ നിന്നും ജോലി കഴിഞ്ഞ് വീട്ടിലേക്ക് പോകുന്ന വഴിയാണ് അപകടം സംഭവിച്ചിട്ടുള്ളതെന്ന മേലധികാരിയുടെ സാക്ഷ്യപത്രത്തിന്റെയും, അപേക്ഷക ഹാജരാക്കിയിട്ടുള്ള മെഡിക്കൽ, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിലും 28/01/2026–ന് തിരികെ പ്രവേശിച്ചിട്ടുള്ള സാഹചര്യത്തിലും തിരുവനന്തപുരം ജില്ലാ ഇൻഷ്വറൻസ് ഓഫീസിലെ ക്ലാർക്ക് ശ്രീമതി.ചിന്നു ആർ.എസ്–ന് 29/11/2025 മുതൽ 27/01/2026 വരെ കാലയളവിലേയ്ക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് – II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥ (ഇൻഷ്വറൻസ് വകുപ്പ്, ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഇ 3402178/എസ്റ്റാ–ഡി2/19/2026–ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ